(ബി) ഷൊർണ്ണൂർ ഡിവിഷനു കീഴിൽ 2001 ഏപ്രിൽ മുതൽ ഓരോ സെക്ഷനും നൽകിയ മെറ്റീരിയൽസിന്റെ വിവരം ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് മൊത്തം നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിൽപ്പെട്ട വർക്കുകൾക്കുള്ള സാധന സാമഗ്രികളുടെ ആവശ്യം, ഫണ്ടിന്റെ ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിലാണ് സാധന സാമഗ്രികൾ വാങ്ങുന്നതും, ലഭ്യമാക്കുന്നതും എന്നതിനാൽ സാധന സാമഗ്രികൾ തികയാതെ വരാറുണ്ട്.

(ബി) ഷൊർണ്ണൂർ ഡിവിഷനിലെ വിവിധ സെക്ഷനുകൾക്ക് 2001 ഏപ്രിൽ മുതൽ നൽകിയ പ്രധാനപ്പെട്ട സാധന സാമഗ്രികളുടെ ഇനം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

എം. എൽ. എ. -യുടെ പ്രാദേശിക ഫണ്ടുപയോഗിച്ച് ഷൊർണ്ണൂർ ഡിവിഷന്റെ കീഴിൽ നടത്താൻ നിർദ്ദേശിച്ച പണികൾ

14 [894] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ കെ. എസ്. ഇ. ബി. ഡിവിഷന്റെ കീഴിൽ പട്ടാമ്പി എം. എൽ. എ.-യുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് നടത്താൻ നിർദ്ദേശിച്ച പണികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഷൊർണ്ണൂർ കെ. എസ്. ഇ. ബി. ഡിവിഷന്റെ കീഴിൽ പട്ടാമ്പി എം. എൽ. എ.-യുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് പണമടച്ച പദ്ധതികളൊന്നും പൂർത്തീകരിക്കുവാൻ ബാക്കിയില്ല. എന്നാൽ നാലു പ്രവൃത്തികൾക്കുള്ള തുകയുടേതായി ലഭിച്ച ഒരു ചെക്ക് കളക്ഷനായി പണം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല.

കെ. എസ്. ഇ. ബി.-യിലെ പെൻഷൻ ബാധ്യത

15 [896] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ. എസ്. ഇ. ബി. വ്യത്യസ്ത കമ്പനികളാക്കി മാറ്റുന്ന സാഹചര്യത്തിൽ, യു. പി. സർക്കാർ അവിടുത്തെ വിദ്യുച്ഛക്തി ബോർഡ് വിഭജിച്ചപ്പോൾ പെൻഷൻകാരുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തതുപോലെ കേരള സർക്കാരും പെൻഷൻകാരുടെ ബാദ്ധ്യത ഏറ്റെടുക്കാൻ തയ്യാറാകുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കെ. എസ്. ഇ. ബി.-യെ കമ്പനികളാക്കി വിഭജിക്കുമ്പോൾ ആനുകൂല്യങ്ങൾ നൽകേണ്ട ഉത്തരവാദിത്വം, ഇലക്ട്രിസിറ്റി ആക്ട് 2003-ലെ 131-ഉം 133-ഉം സെക്ഷനുകൾ പ്രകാരം സർക്കാർ അംഗീകരിക്കുന്ന കൈമാറ്റ പദ്ധതി അനുസരിച്ച് ആണ് തീരുമാനിക്കേണ്ടത്. ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. കൈമാറ്റ പദ്ധതി ഉൾപ്പെടെയുള്ള വൈദ്യുതി മേഖല യുടെ പുനഃസംഘടനയെപ്പറ്റി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കൺസൾട്ടന്റിനെ നിയമിക്കുന്നതിനായി സംസ്ഥാന സർക്കാർ ദർഘാസ് ക്ഷണിച്ചിട്ടേയുള്ളൂ.

ലൈൻമാനായി വിരമിച്ച ശ്രീ. പി. പി. പ്രസന്നകുമാറിന്റ കമ്മ്യൂട്ടേഷൻ ആനുകൂല്യം

16 [897] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കെ. എസ്. ഇ. ബി.-യിൽ നിന്നും ഇൻവാലിഡ് പെൻഷൻ വാങ്ങിയ ശേഷം കമ്മ്യൂട്ടേഷൻ ഉത്തരവ് എത്ര പേർക്ക് നൽകി; വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) 1998 ജനുവരിയിൽ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ലൈൻമാനായി ഇൻ വാലിഡ് ഗ്രൗണ്ടിൽ റിട്ടയർ ചെയ്ത ശ്രീ. പി. പി. പ്രസന്നകുമാറിന് കമ്മ്യൂട്ടേഷൻ ഉത്തരവ് നൽകണമെന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദന ത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) സ്റ്റേറ്റ് മെഡിക്കൽ ബോർഡും എ. ജി.-യും ശുപാർശ ചെയ്തിട്ടും കമ്മ്യൂട്ടേ ഷൻ കിട്ടുവാൻ അർഹതയുള്ള ശ്രീ. പി. പി. പ്രസന്നകുമാറിന് ഉത്തരവ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ശ്രീ. പി. പി. പ്രസന്നകുമാറിന് കമ്മ്യൂട്ടേഷൻ ഉത്തരവ് നൽകുന്നതിന് ആവ ശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ആർക്കും തന്നെ നൽകിയിട്ടില്ല.

(ബി—ഡി) നിവേദനം പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly